**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനകാര്യം - ടെക്നിക്കൽ ഹൈ സ്കൂളുകളിലെ മെക്കാനിക്കൽ വിഭാഗം വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയെ ഓട്ടോ മൊബൈൽ വിഭാഗത്തിലേയ്ക്ക് പുന:ക്രമീകരിച്ച് കൊണ്ട് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB4/14593/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 31.05.2024

---

വായന:- 1) 05/04/2023 ലെ കളമശ്ശേരി സർക്കാർ പോളിടെക്നിക്ക് കോളേജിലെ ആട്ടോമൊബൈൽ ട്രേഡ്സ്മാൻ ശ്രീ. അരുൺ ജോർജിൻറെയും, തൃക്കരിപ്പൂർ സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഫിറ്റിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ശ്രീ. ബൈജു.കെ. എം. ന്റെയും ചെറുവത്തൂർ പോളിടെക്നിക്ക് കോളേജിലെ ആട്ടോമൊബൈൽ ട്രേഡ്സ്മാൻ ശ്രീ. പ്രദീപ് കെ വി യുടെയും അപേക്ഷകൾ.

2) ഈ കാര്യാലയത്തിലെ 21/07/2023-ലെ ഇതേ നമ്പർ ഉത്തരവ്.

3) 17-11-2023 ലെ ഏക്സ്പെർട്ട് കമ്മിറ്റിയുടെ പഠന റിപ്പോർട്ട്.

**ഉത്തരവ്**

വായന 3 ലെ റിപ്പോർട് പ്രകാരം സാങ്കേതിക വിദ്യാഭാസ വകുപ്പിനു കീഴിലുള്ള തൃശ്ശൂർ, പാമ്പാടി, പയ്യോളി, നെടുമങ്ങാട്, സുൽത്താൻബത്തേരി, ചെറുവത്തൂർ, വെസ്റ്റ്ഹിൽ എന്നീ ഏഴ് ടെക്നിക്കൽ ഹൈ സ്കൂളുകളിലെ ആട്ടോമൊബൈൽ ബ്രാഞ്ചുമായി ബന്ധപ്പെട്ട ട്രേഡുകളായ Maintenance of two and three wheeler, Motor Mechanic എന്നിവയിൽ ആട്ടോമൊബൈൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗം ജീവനക്കാരാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ആട്ടോമൊബൈൽ തസ്തിക നിലവിലില്ല. ഇത് ആട്ടോമൊബൈൽ വിഭാഗം കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്നുണ്ട്. ആട്ടോമൊബൈൽ വിഭാഗത്തിലുള്ള കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്ഥാപനത്തിൽ ഏഴ് വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ആട്ടോമൊബൈൽ തസ്തിക അനുവദിക്കേണ്ടതുണ്ട് .

മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന ഏഴ് സ്ഥാപനങ്ങളിലെ ഓരോ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ മെക്കാനിക്കൽ തസ്തിക, ആട്ടോമൊബൈൽ തസ്തികയിലേക്ക് പുന: ക്രമീകരിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജില്ല | തസ്തികകളുടെ എണ്ണം | വിഭാഗം |
|---|---|---|---|---|
| 1 | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, വെസ്റ്റ് ഹിൽ കോഴിക്കോട് | കോഴിക്കോട് | 1 | ഓട്ടോ മൊബൈൽ |
| 2 | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, നെടുമങ്ങാട് | തിരുവനന്തപുരം | 1 | ഓട്ടോ മൊബൈൽ |
| 3 | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, സുൽത്താൻബത്തേരി | വയനാട് | 1 | ഓട്ടോ മൊബൈൽ |
| 4 | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, ,കൊടുങ്ങല്ലൂർ | തൃശ്ശൂർ | 1 | ഓട്ടോ മൊബൈൽ |
| 5 | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, ചെറുവത്തൂർ | കാസർഗോഡ് | 1 | ഓട്ടോ മൊബൈൽ |
| 6 | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, പയ്യോളി, കോഴിക്കോട് | കോഴിക്കോട് | 1 | ഓട്ടോ മൊബൈൽ |
| 7 | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, പാമ്പാടി | കോട്ടയം | 1 | ഓട്ടോ മൊബൈൽ |

Draft #5 of File EB4/14593/23/DTE Approved by Director (in-charge) on 31-May-2024 07:24 AM - Page 1

ടി ഏഴ് സ്ഥാപനങ്ങളിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ മെക്കാനിക്കൽ തസ്തിക പുന:ക്രമീകരിക്കുമ്പോൾ ഒഴിവില്ലാത്ത തസ്തികയിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ജൂനിയർ ആയിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാരെ അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലേക്ക് നിർബന്ധിത സ്ഥലമാറ്റം നൽകികൊണ്ടും ടി പട്ടികയിലെ ഒഴിവുള്ള 4 സ്ഥാപനങ്ങളിലെ മെക്കാനിക്കൽ വിഭാഗം വർക്ക്ഷോപ് ഇൻസ്ട്രക്ടർ തസ്തികയെ ഓട്ടോമൊബൈൽ തസ്തിക ആയി പുന:ക്രമീകരിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | ജീവനക്കാരന്റെ **പേര്** | **നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം** | സ്ഥലമാറ്റം നല്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.ഷാജിഓരംപോക്കിൽ മേത്തൽ | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, വെസ്റ്റ് ഹിൽ, കോഴിക്കോട് | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ വടകര |
| 2 | ശ്രീ.ജയകുമാർ എം | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, നെടുമങ്ങാട്, തിരുവനന്തപുരം | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, കാവാലം |
| 3 | ശ്രീ.ജോസഫ് ഗ്രിഫിൻ റോച്ച | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, കൊടുങ്ങല്ലൂർ, തൃശ്ശൂർ | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, കടപ്ലാമറ്റം |

2024 ലെ പൊതുസ്ഥലമാറ്റം നടത്തിയതിനു ശേഷം ഉണ്ടാകുന്ന ഒഴിവിൽ ടി ജീവനക്കാർ ആവശ്യപ്പെടുന്നപക്ഷം സ്ഥലമാറ്റം അനുവദിക്കുന്നതാണ്.

ടി ജീവനക്കാരുടെ വിടുതൽ/ചേരും കാലം യഥാസമയം ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

സ്ഥാപന മേധാവികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.dtekerala.gov.in) ടി ഉത്തരവ് ഡൌൺ ലോഡ് ചെയ്ത് ജീവനക്കാരെ വിടുതൽ ചെയ്യിക്കുന്നതിന്/പ്രവേശിപ്പിക്കുന്നതിന് നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്

(1) ബന്ധപ്പെട്ട ജീവനക്കാർക്ക്/ബന്ധപ്പെട്ട സ്ഥാപന മേധാവികൾ [ഡി റ്റി ഇ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം]
2) ഇസി സെക്ഷൻ സൂപ്രണ്ട്,
ടി ഒഴിവുകളിലേക്ക് ഓട്ടോമൊബൈൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് നിയമനം നടത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
3) ഇജി സെക്ഷൻ സൂപ്രണ്ട്
(6) IT സെൽ
(7) കരുതൽ ഫയൽ/ഓഫീസ് കോപ്പി

Draft #5 of File EB4/14593/23/DTE Approved by Director (in-charge) on 31-May-2024 07:24 AM - Page 2

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 31.05.2024
Reason: Approved

The document is digitally approved. Hence signature is not needed.